D1AML2502 (2 Pages) Name.............................
Reg. No..........................

**FIRST SEMESTER M.A. DEGREE EXAMINATION, NOVEMBER 2025**
**(Regular/Improvement/Supplementary)**

**MALAYALAM WITH JOURNALISM**
**FMAL1C02 - ആധുനിക കവിത**

**Time: 3 Hours** **Maximum Weightage: 30**

**ഭാഗം I: 1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക.**

**ഓരോന്നിനും 2 വെയ്റ്റേജ് വീതം.**

1. വിലാപകാവ്യം എന്താണെന്ന് വിശദമാക്കുന്ന കുറിപ്പ് തയ്യാറാക്കുക.
2. ‘ദൈവമേ കാത്തുകൊൾകങ്ങു
   കൈവിടാതിങ്ങു ഞങ്ങളേ
   നാവികൻ നീ ഭവാബ്ധിക്കൊ–
   രാവിവൻ തോണി നിൻപദം.’ സൂചിതമെന്ത്?
3. ‘എന്നോടരുളിയെനിക്കവിടുത്തെ
   പ്പൊന്നോടൊക്കുഴൽ മതിയല്ലോ.’ സന്ദർഭം വിശദമാക്കുക.
4. ‘ഒരൊറ്റ തെങ്ങു കണ്ടിടത്തിലൊക്കെയും
   സ്മരിച്ചു ഞങ്ങളീപ്പിറന്ന നാടിനെ.’ ആരുടെ ചിന്തകൾ? സന്ദർഭം ഏത്?
5. ‘രാവണപുത്രി’ എന്ന കവിതയ്ക്ക് സാധ്യതയൊരുക്കിയ പുരാണ കഥാസന്ദർഭം ഏത്?
6. പുതു നാഗരികതയെ ’പാർക്കിൽ’ എന്ന കവിത എപ്രകാരമാണ് ആവിഷ്കരിക്കുന്നത്?
7. ‘കളിയച്ഛൻ’ എന്ന കവിതയിലെ അർത്ഥങ്ങളുടെ തലങ്ങൾ പരിചയപ്പെടുത്തുക.

**(4 x 2= 8 വെയ്റ്റേജ് )**

**ഭാഗം II: 8 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക.**

**ഓരോന്നിനും 3 വെയ്റ്റേജ് വീതം.**

8. പുരുഷകേന്ദ്രിത ചരിത്രത്തിൽ സ്ത്രീതുല്യത ഉറപ്പാക്കുന്ന കവിതയാണ് ‘തച്ചന്റെ മകൾ’ എന്നു പറയാമോ? വിലയിരുത്തുക.
9. ‘കിട്ടാത്ത മുന്തിരി പുളിക്കും’ എന്ന പഴഞ്ചൊല്ലിന്റെ പാരഡിയായി ‘ദൈവപ്പാതി’ എന്ന കവിത മാറുന്നതെങ്ങിനെ?
10. കാല്പനികതയുടെ സ്വഭാവസവിശേഷതകൾ, ‘മലയവിലാസം’ എന്ന കവിതയിൽ പ്രതിഫലിക്കുന്നത് എപ്രകാരമാണെന്ന് പരിശോധിക്കുക.

**(തുടർച്ച...2)**

11. ചെറുകഥയുടെ ഏകാഗ്രതയും നാടകത്തിന്റെ സംഘർഷാത്മകതയും ഭാവകാവ്യത്തിന്റെ വികാരപരതയും ഒത്തുചേർന്ന ഖണ്ഡകാവ്യമാണ് 'നളിനി' എന്ന പ്രസ്താവനയോട് യോജിക്കുന്നുവോ? സ്വാഭിപ്രായം വ്യക്തമാക്കുക.
12. നവനാഗരികതയ്ക്കെതിരായുള്ള വിമർശനവും അപരനോട് ഉണ്ടായിരിക്കേണ്ട സ്നേഹകാരുണ്യങ്ങളാണ് ജീവിതാഹ്ലാദകാരിയെന്ന തിരിച്ചറിവുമാണ് 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം' എന്ന കവിത. ഈ പ്രസ്താവനയെ വിലയിരുത്തുക.
13. നിസ്സഹായത ഭക്തിയിലേയ്ക്ക് നയിയ്ക്കും എന്ന ആശയത്തെ 'ഗജേന്ദ്രമോക്ഷം' എന്ന കവിത ഉറപ്പിക്കുന്നുണ്ടോ? പരിശോധിക്കുക.
14. 'കുതിരക്കൊമ്പ്' എന്ന കവിതയിൽ തെളിയുന്ന ആക്ഷേപഹാസ്യപരമായ സാമൂഹ്യവിമർശനത്തെ വിശദീകരിക്കുക.

(4 x 3= 12 **വെയ്റ്റേജ്**)

**ഭാഗം III: 15 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 5 വെയ്റ്റേജ് വീതം.**

15. ആദ്യകാല മലയാളകവിതകളിൽ കാണുന്ന കാല്പനികതയുടെ സ്വഭാവസവിശേഷതകൾ ഉദാഹരണസഹിതം ചർച്ച ചെയ്യുക.
16. പിതൃ-പുത്ര ബന്ധത്തെയും മാതൃ-പുത്രബന്ധത്തെയും 'മഴുവിന്റെ കഥ' എന്ന കവിത അവതരിപ്പിക്കുന്നതെപ്രകാരമാണ്?
17. പുനരാഖ്യാനസാധ്യതകൾ 'രാവണപുത്രി', 'ഗജേന്ദ്രമോക്ഷം' എന്നീ കവിതകൾ ഉപയുക്തമാക്കുന്നതെപ്രകാരമാണ്?
18. ഉത്തരാധുനികകവിതകളുടെ പ്രമേയവൈവിധ്യത്തെ, പഠിക്കുവാനുള്ള കവിതകളെ മുൻനിർത്തി പരിശോധിക്കുക.

(2 x 5= 10 **വെയ്റ്റേജ്**)